## കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY | 06 | 2023 |
|---|---|---|



### ശബരിമല പത്രക്കുറിപ്പ് - 1


ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


---

# ദാഹിച്ച് വലയേ ; വിപുലമായ സൗകര്യമൊരുക്കി ജല അഥോറിറ്റി

മകരവിളക്കുൽസവം പ്രമാണിച്ച് വിപുലമായ സൗകര്യങ്ങൾ ഒരുക്കി കേരള ജലവിഭവ വകുപ്പ്. തീർഥാടകരുടെ ദാഹമകറ്റുന്നതിനും വിശ്രമ സൗകര്യമൊരുക്കുന്നതിനും നിലയ്ക്കലിലും പമ്പയിലും സന്നിധാനത്തും കുടിവെള്ള കിയോസ്കുകളും വിരിവെക്കാനുള്ള സൗകര്യങ്ങളുമുൾപ്പെടെ വലിയ സൗകര്യങ്ങളാണ് ജലവിഭവ വകുപ്പ് ഒരുക്കിയിട്ടുള്ളത്.

കരിമല വഴി വരുന്ന അയ്യപ്പഭക്തന്മാർക്ക് വിശ്രമിക്കാൻ 50 വിരിവെപ്പ് കേന്ദ്രങ്ങൾ ഒരുക്കി. തീർഥാടകരുടെ ദാഹമകറ്റുന്നതിന് കുടിവെള്ളം ലഭ്യമാക്കാൻ വാട്ടർ അതോറിറ്റി പമ്പാ സെക്ഷന് കീഴിൽ ചെറിയാനവട്ടത്ത് നിന്നുള്ള കുടിവെള്ള പൈപ്പുകൾ 2 കിലോമീറ്റർ ദൂരം നീട്ടി വലിയാനവട്ടം വരെ എത്തിച്ചു. ഇതോടെ ഈ മേഖലയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി.

മകരജ്യോതി ദർശനത്തിനു ാകുന്ന തിരക്ക് കണക്കിലെടുത്ത് ഹിൽടോപ്പിന് മുകളിൽ അയ്യായിരം ലിറ്റർ സംഭരണശേഷിയുള്ള ര ് പി.വി.സി ടാങ്കുകൾ പുതുതായി സ്ഥാപിച്ച് കിയോസ്കുകൾ വഴി കുടിവെള്ളം ലഭ്യമാക്കി തുടങ്ങി.

മണ്ഡലകാലത്ത് ദിവസവും 35ലക്ഷം ലിറ്ററിലേറെ വെള്ളമാണ് ജലവിഭവ വകുപ്പ് വിതരണം ചെയ്ത് പോന്നത്. മകരവിളക്ക് സമയത്തെ ഭക്തജനപ്രവാഹം കണക്കിലെടുത്ത് നിലവിലുള്ള പമ്പാടാങ്കിന് പരിസരം അയ്യായിരം ലിറ്റർ ശേഷിയുള്ള പത്ത് പി.വി.സി ടാങ്കുകൾ സ്ഥാപിച്ച് കുടിവെള്ള സംഭരണശേഷി അമ്പതിനായിരം ലിറ്റർ വർധിപ്പിച്ചതായി ജല അഥോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ ആർ.ഡി. അനിൽകുമാർ അറിയിച്ചു. ഇപ്പോൾ നിത്യവും 40 ലക്ഷം ലിറ്ററിലേറെ ജലമാണ് വിതരണം ചെയ്യുന്നത്.

നിലയ്ക്കൽ ബേസ് ക്യാമ്പിലും കുടിവെള്ള ലഭ്യത വർധിപ്പിച്ചു. ഹെലിപ്പാട് ആർ. ഒ പ്ലാന്റിന് സമീപം 8 ടാങ്കുകൾ അധികമായി സ്ഥാപിച്ചാണിത്.

മകരവിളക്ക് സമയത്ത് ഭക്തജന തിരക്കേറിയാലും കുടിവെള്ള ക്ഷാമമു ാകാത്ത വിധത്തിലാണ് സൗകര്യങ്ങൾ ഒരുക്കിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ പറഞ്ഞു. നിലവിൽ 100 കരാർ തൊഴിലാളികളും 10 ജീവനക്കാരുമാണ് വാട്ടർ അഥോറിറ്റിക്കായി ശബരിമലയിൽ സേവനരംഗത്തുള്ളത്.

**ഫോട്ടോ ക്യാപ്ഷൻ: മകരവിളക്കിനോടനുബന്ധിച്ച് ജലവിഭവ വകുപ്പ് സന്നിധാനത്ത് ഒരുക്കിയ കുടിവെള്ള സംവിധാനം**

(പി.ആർ. ശബരി- 239)

## മകരവിളക്ക് മഹോൽസവം;
## സുസജ്ജമായി ആരോഗ്യ വകുപ്പ്

***തിരുവാഭരണ ഘോഷയാത്രയെ മെഡിക്കൽ ടീം അനുഗമിക്കും.**

മകരവിളക്ക് മഹോൽസവത്തിന്റെ തിരക്ക് മുൻകൂട്ടി ക ് തീർത്ഥാടകരുടെ

ആരോഗ്യ സംരക്ഷണത്തിനായി വലിയ മുന്നൊരുക്കങ്ങളുമായി ആരോഗ്യ വകുപ്പ്. നിലവിലെ സൗകര്യങ്ങൾക്ക് പുറമെയാണിത്. തിരുവാഭരണ ഘോഷയാത്ര പുറപ്പെടുന്ന 12 ന് പ്രാഥമികാരോഗ്യ കേന്ദ്രമായ കുളനടയിൽ വൈകീട്ട് 6 വരെ അടിയന്തിര ചികിത്സാ സംവിധാനമൊരുക്കും.ചെറുകോൽ പ്രാഥമികാരോഗ്യ കേന്ദ്രം, കാഞ്ഞിറ്റുകര, റാന്നി, പെരുനാട് ആശുപത്രികളിൽ 24 മണിക്കൂറും വടശേരിക്കരയിൽ രാത്രി 8വരെയും പ്രത്യേക ചികിത്സാ സംവിധാനമേർപ്പെടുത്തും.

തിരുവാഭരണ ഘോഷയാത്രയെ സുസജ്ജമായ മെഡിക്കൽ ടീമും ആംബുലൻസും അനുഗമിക്കും. തീർത്ഥാടക തിരക്കനുഭവപ്പെടുന്ന ളാഹയിൽ ജനുവരി 13നും വലിയാനവട്ടത്ത് 14 നും മൊബൈൽ മെഡിക്കൽ യൂണിറ്റും ആംബുലൻസും സജ്ജമാക്കും. ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, ര ് പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെ 4 പേരടങ്ങിയതാണ് ഒരു യൂണിറ്റ്.

മകരവിളക്ക് ദിവസം പമ്പയിലും നിലയ്ക്കലുമായി ഒരുക്കിയ 13 ദർശന കേന്ദ്രങ്ങളിലും പ്രത്യേകം മെഡിക്കൽ യൂണിറ്റുകളും ആംബുലൻസുകളും സജ്ജീകരിക്കും.

സന്നിധാനം സർക്കാർ ആശുപത്രിയിൽ ഐ സി യു ഉൾപ്പെടെ 30 കിടക്കകൾ സജ്ജമാണ്. അടിയന്തിര ഘട്ടങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ ബംഗ്ലാവ്, സഹാസ് ആശുപത്രി, അയ്യപ്പസേവാസംഘം ഫസ്റ്റ് എയ്ഡ് സെൻറർ എന്നിവ ഉപയോഗപ്പെടുത്തും. ബംഗ്ലാവിൽ 25 ഉം, സഹാസിൽ 20 ഉം ഫസ്റ്റ് എയ്ഡ് സെൻററിൽ 20 ഉം കിടക്കകൾ സജ്ജീകരിക്കും. ആവശ്യമെങ്കിൽ അഡീഷണൽ സ്റ്റാഫിനേയും നിയോഗിക്കും. നിലവിൽ ര ് ഫിസിഷ്യൻ, ഒരു പൾമണോളജിസ്റ്റ്, ഒരു കാർ ഡിയോളജിസ്റ്റ്, ഒരു സർജൻ, ഒരു അനസ്ത്യേഷിസ്റ്റ്, ഒരു പീഡിയാട്രീഷ്യൻ, ഒരു ഓർത്തോപീഡിസ്റ്റ്, ര ് മെഡിക്കൽ ഓഫീസർമാർ, ര ് ചാർജ് ഓഫീസർമാർ എന്നിങ്ങനെ 12 ഡോക്ടർമാരാണ് ആരോഗ്യവകുപ്പിന് കീഴിലുള്ളത്.ഇതിന് പുറമെയാണ് സഹാസിലും ഫസ്റ്റ് എയിഡ് സെന്ററിലുമുള്ള ഡോക്ടർമാർ. അത്യാഹിത മു ായാൽ പരമാവധി രോഗികളെ സന്നിധാനത്ത് തന്നെ ശുശ്രൂഷിച്ച് ആരോഗ്യനില സന്തുലിതമാക്കിയ ശേഷം താഴേക്ക് മാറ്റുകയാണ് ലക്ഷ്യമെന്ന് . നോഡൽ ഓഫീസർ ഡോ .ഇ പ്രശോഭ് പറഞ്ഞു. ഒരേ സമയം 80 പേരെ കിടത്തി ചികിത്സിക്കാൻ കഴിയുംവിധമാണ് സന്നിധാനത്തെ മൊത്തം സജ്ജീകരണങ്ങൾ.

ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്റർ സുസജ്ജമാണ്. ജീവൻ രക്ഷാമരുന്നുകളും സംഭരിച്ച് കഴിഞ്ഞു. വെന്റിലേറ്ററുകളും പ്രവർത്തനക്ഷമമാണ്.സന്നിധാനത്ത് 3, നീലിമല 2, അപ്പാച്ചിമേട് 2, പമ്പ 3, നിലയ്ക്കൽ 2 എന്നിങ്ങനെയാണ് വെന്റിലേറ്റുകളുടെ നില, ഇതിന് പുറമെ 15 എമർജൻസി മെഡിക്കൽ സെന്ററുകളും സുസജ്ജമാണ്. അടിയന്തിര ഘട്ടങ്ങളിൽ ആശുപത്രിക്ക് പുറമെയുള്ള സേവനങ്ങൾക്ക് ഇ എം സി സ്റ്റാഫുകളെ ഉപയോഗിക്കും. ഇങ്ങനെ ആരോഗ്യ പ്രവർത്തകരുടെ സേവനം അടിയന്തിര ഘട്ടങ്ങളിൽ ആശുപത്രികളിൽ മാത്രമായി ലഭ്യമാക്കുമെന്നും നോഡൽ ഓഫീസർ

അറിയിച്ചു.

**ഫോട്ടോ ക്യാപ്ഷൻ: സുസജ്ജമായി ആരോഗ്യ വകുപ്പ്; സന്നിധാനം സർക്കാർ ആശുപത്രിയിലെ ദൃശ്യം**

(പി.ആർ. ശബരി- 240)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ
## 07. 01. 2023)

.........
പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് .... പതിവ് അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 12 മണി വരെയും നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം ആരംഭിക്കും.
7.30 ന് ഉഷപൂജ
12.30 ന് 25 കലശപൂജ
തുടർന്ന് കളഭാഭിഷേകം12.45 ന് ഉച്ചപൂജ
1.30 മണിക്ക് ക്ഷേത്രനട അടയ്ക്കും.
വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന് ദീപാരാധന
9.30 മണിക്ക് .....അത്താഴപൂജ
11.20 ന് ഹരിവരാസനം സങ്കീർത്തനം പാടി 11.30 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.